ഡി3-4098/2015/ഡി.ഐ.എം.എസ്

ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ്
മെഡിക്കൽ സർവ്വീസസ്
തിരുവനന്തപുരം-14.
തീയതി. 15.10..2015.

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അനധികൃത ഹാജരില്ലായ്മ - ലാബ്ടെക്നീഷ്യനായ ശ്രീ. വി.പി.രാജീവിനെതിരായ അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത്- -സംബന്ധിച്ച്.

സൂചന- 1. 16.10.2014-ലെ ഫറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ ഇ 1-8046/2014/ഇ.എച്ച്.എഫ് എന്ന കത്ത്.

2. 11.12..2014-ലെ ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ആഫീസറുടെ ഇ 1-1734/2014/സി.വി.ആർ എന്ന കത്ത്.

3. 09.02.2015-ലെ സർക്കാർ കത്ത് നം. 26764/എഫ്2/2014/തൊഴിൽ

4. 4.3.2015-ലെ ഈ ആഫീസിലെ ഇതേ നമ്പർ ഉത്തരവ്.

5. 6.6.2015-ലെ ഈ ആഫീസിലെ ഇതേ നമ്പർ കുറ്റപത്രം.

............

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൻ കീഴിലുള്ള കോഴിക്കോട് ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്2 ആയി ജോലി നോക്കിവരവെ ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലമാറ്റം ചെയ്ത ശ്രീ.രാജീവ്.വി.പി എന്ന താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു..

താങ്കൾ 15.05.2014 മുതൽ 5 വർഷത്തേയ്ക്കുള്ള ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് തന്നെ 02.05.2014 മുതൽ ആർജിത അവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. കോഴിക്കോട് ജില്ലയിൽ ലാബ്ടെക്നീഷ്യൻ ഗ്രേഡ് 2 വിന്റെ പി.എസ്.സി ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ താങ്കളുടെ അവധി അപേക്ഷ പരിഗണിക്കുവാൻ കഴിയുമായിരുന്നില്ല. താങ്കൾ ആർജിത അവധിയിൽ പ്രവേശിച്ച കാലയളവിൽ താങ്കളെ പൊതുസ്ഥലമാറ്റ ഉത്തരവ് പ്രകാരം ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലമാറ്റം നടത്തിയിരുന്നു. എന്നാൽ ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും താങ്കളെ വിടുതൽ ചെയ്ത ഉത്തരവ് താങ്കൾ സമർപ്പിച്ചിരുന്ന അവധി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിലാസത്തിൽ അയച്ചപ്പോൾ "അഡ്രസി അബ്രോഡ് റിട്ടേൺഡ് റ്റു സെൻടർ" എന്ന സൂചിപ്പിച്ച് തിരികെ വന്നുവെന്നും, താങ്കൾ ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ലെന്നും, താങ്കൾ സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ പരിഗണിക്കാൻ കഴിയുകയുല്ലാ എന്ന വിവരം താങ്കളെ അറിയിച്ചിട്ടുണ്ടെന്നും സൂചന (1) പ്രകാരം റിപ്പോർട്ട് ലഭിച്ചിരുന്നു. താങ്കളോട് എത്രയും പെട്ടെന്ന് ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിക്കണമെന്ന് അറിയിച്ചിതിനെ തുടർന്ന് ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള കത്ത് "അഡ്രസി അബ്രോഡ് സോ റിട്ടേൺസ് ടു സെൻടർ" എന്ന കുറിപ്പോടെ കത്ത് തിരികെ വന്നതായി ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. താങ്കളോട് എത്രയും പെട്ടെന്ന് ജോലിയ്ക്ക് ഹാജരാകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഫറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ കത്തും അതേ കാരണത്താൽ തിരികെ വന്നതായി ഫറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ നിന്നും താങ്കൾ സർക്കാർ അനുമതി കൂടാതെ വിദേശത്ത് പോയതായി അനുമാനിക്കാവുന്നതാണ്. താങ്കൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻ മേൽ സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ഈ ആഫീസിൽ നിന്നും നൽകിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ സൂചന (3) പ്രകാരവും സർക്കാർ നിർദ്ദേശിക്കുക.യും ചെയ്തിരുന്നു.

അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന താങ്കൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി താങ്കളെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തുകൊണ്ട് സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സൂചന (5) പ്രകാരം കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. താങ്കൾക്ക് രജിസ്റ്റേർഡ് തപാലായി അയച്ചിരുന്ന കുറ്റപത്രം റിട്ടേൺസ് ടു സെൻടർ അബ്രോഡ് എന്നു രേഖപ്പെടുത്തി തപാൽ വകുപ്പ് തിരികെ അയച്ചതായി ഫറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരുന്നു. ടി കുറ്റപത്രം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ടി വിവരം പ്രധാനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. എന്നിട്ടും താങ്കൾ പ്രതികരിക്കുകയുണ്ടായില്ല.

താങ്കൾ സമർപ്പിച്ചിരുന്ന അവധി സ്വീകരിക്കുകയുണ്ടായില്ലായെന്ന് വ്യക്തമായി അറിഞ്ഞിട്ടും താങ്കൾ സർക്കാർ അനുമതി കൂടാതെ വിദേശത്ത് പോയതായി അനുമാനിക്കാവുന്നതാണ്. . താങ്കളുടെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തികൾ തികഞ്ഞ അച്ചടക്ക രാഹിത്യവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവും സർക്കാർ സംവിധാനങ്ങളോടുള്ള കടുത്ത അനാദരവും ആണെന്ന് പൂർണ്ണമായും തെളിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ താങ്കളുടെ ഈ വകുപ്പിലെ സേവനം അവസാനിപ്പിച്ച് 02.05.2014 പ്രാബല്യത്തിൽ താങ്കളെ സർവ്വീസിൽ നിന്നും നിക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകമോ ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള

വിവരം പ്രധാനപത്രങ്ങളിൽ പരസ്യപ്പെടുത്തി പതിനഞ്ചു ദിവസത്തിനകമോ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലാ എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ.എം.ബിനത്ത്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.രാജീവ്.വിപി
ലാബ്ടെക്നീഷ്യൻ ഗ്രേഡ് 2, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ
( ഐ.എം.ഒ മുഖാന്തിരം)

പകർപ്പ്-1. ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, കോഴിക്കോട്

2. സൂപ്രണ്ട് , ഇ.എസ്.ഐ.ആശുപത്രി, ഫറോക്ക്
3. ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ -നോട്ടീസിന്റെ രണ്ട് പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് തീയതിയോടു കൂടിയ ഒപ്പ് പതിപ്പിച്ച് ഈ ആഫീസിലേയ്ക്ക് അയച്ചു കൊടുക്കണമെന്ന നിർദ്ദേശത്തോടെ രണ്ടുപകർപ്പുകൾ ശ്രീ.രാജീവ്..വി.പിയക്ക് കൈപറ്റു രസീതോടുകൂടി രജി.തപാൽ മുഖാന്തിരം അയച്ചുകൊടുക്കുക . കൈപറ്റു രസീതിന്റെ പകർപ്പും ടിയാന്റെ വിലാസവും ഈ ആഫീസിലേയ്ക്ക അയച്ചുതരേണ്ടതാണ്.
4. ഫയൽ/സ്റ്റോക്ക് ഫയൽ